# കേരള സർവകലാശാല

നം.പി.ആർ.143/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

2019 ഏപ്രിലിൽ നടത്തിയ ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) രണ്ട്, നാല്, ആറ്, ഏഴ് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടേയും എട്ടാം സെമസ്റ്റർ റെഗുലർ ആന്റ് സപ്ലിമെന്ററി പരീക്ഷയുടേയും ഫലം വെബ്സൈറ്റിൽ ലഭ്യമാണ്.

## ടൈംടേബിൾ

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടം, ആറാം സെമസ്റ്റർ ബി.ടെക് ഡിഗ്രി പരീക്ഷയുടെ (2013 സ്കീം – 2016 (റെഗുലർ) അഡ്മിഷൻ) ജൂലൈ 2019 ന്റെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## വിദൂര വിദ്യാഭ്യാസം – സമ്പർക്ക ക്ലാസുകൾ

കാര്യവട്ടം സെന്ററിൽ നടന്നുകൊണ്ടിരിക്കുന്ന രണ്ടാം സെമസ്റ്റർ എം.എ ഹിസ്റ്ററി ക്ലാസുകൾ ജൂലൈ 6 മുതൽ എസ്.ഡി.ഇ പാളയം സെന്ററിൽ വെച്ച് നടത്തുന്നതാണ്. കാര്യവട്ടം സെന്ററിൽ നടന്നുകൊണ്ടിരിക്കുന്ന നാലാം സെമസ്റ്റർ എം.എ ഹിസ്റ്ററി ക്ലാസുകൾക്ക് മാറ്റമില്ല. തിരുവനന്തപുരം സെന്ററിലെ രണ്ടാം സെമസ്റ്റർ ബി.കോം ക്ലാസുകൾ ജൂലൈ 6 മുതൽ കാര്യവട്ടത്ത് ആരംഭിക്കുന്നതാണ്. നാലാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (2017 ബാച്ച്) പ്രോജക്ട് അപ്രൂവൽ ലെറ്റർ ജൂലൈ 5 ന് എസ്.ഡി.ഇ, പാളയം സെന്ററിൽ വിതരണം ചെയ്യപ്പെടും.

## അപേക്ഷ ക്ഷണിക്കുന്നു

കാര്യവട്ടം സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, ലക്ഷ്മീഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, (സായി – എൽ.എൻ.സി.പി.ഇ.) 2019–20 അദ്ധ്യയന വർഷം ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ് 2 വർഷം) കോഴ്സിന് എസ്.സി/എസ്.റ്റി വിഭാഗത്തിന് വേണ്ടി മാറ്റിവെയ്ക്കപ്പെട്ട 8 ഒഴിവുകളിലേയ്ക്ക് (പെൺകുട്ടികൾ – 5, ആൺകുട്ടികൾ – 3) നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ (അസ്സൽ) സഹിതം ജൂലൈ 9 ന് രാവിലെ 8.00 മണിയ്ക്ക് കോളേജിൽ ഹാജരാകേണ്ടതാണ്. ഈ

കോഴ്സിലേയ്ക്ക് 2019-20 അദ്ധ്യയന വർഷം പ്രവേശന പരീക്ഷയ്ക്ക് ഹാജരായവർ അപേക്ഷിക്കാൻ യോഗ്യരല്ല. കൂടുതൽ വിവരങ്ങൾക്ക് www.lncpe.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

തിരുവനന്തപുരം,
03-07-2019



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098